സൂക്ഷിക്കുന്നില്ല. മാത്രവുമല്ല, അവ എവിടെയാണ് ഉപയോഗിക്കുന്നത് എന്നറിയുവാനുള്ള രേഖകളുമില്ല.

8. പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി എന്ന ഇനത്തിൽ മണിയൻപിള്ള (കേരള ഓഫ്സെറ്റ്) ഭരണിക്കാവ് എന്ന സ്ഥാപനത്തിന് 10,94,970 രൂപ ക്യാഷ് ചെക്ക് നൽകിയതായി ബോദ്ധ്യപ്പെട്ടുന്നു. ഇത്രയും വലിയ തുകയ്ക്ക് പ്രിന്റിംഗ് സ്റ്റേഷനറി വാങ്ങിക്കുന്നതിന് ആവശ്യമായ ക്വട്ടേഷനുകളോ അതിനനുബന്ധ ഫയൽ ജോലികളോ നടത്തിയിട്ടില്ല. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ കുന്നംകുളത്ത് പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വിൽപ്പന നടത്തുന്ന സ്ഥാപനത്തെ ഒഴിവാക്കിയാണ് ലക്ഷക്കണക്കിന് രൂപ ഈ ഇനത്തിൽ ചെലവാക്കിയിരിക്കുന്നത്.

9. റീജിയണൽ മാനേജർതലത്തിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥന് ഒരു പ്രാവശ്യം ആഫീസ് സ്റ്റേഷനറി ഇനത്തിൽ പർച്ചേസ് ചെയ്യാവുന്ന ബിൽ തുക 2000 രൂപയാണെന്ന് നിജപ്പെടുത്തി മാനേജിംഗ് ഡയറക്ടർ 25-4-2011-ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിന് വിരുദ്ധമായിട്ടാണ് ഭീമമായ തുകയ്ക്ക് ക്യാഷ് ചെക്ക് നൽകി മുകളിൽ പറഞ്ഞ പ്രവർത്തി നടത്തിയിട്ടുള്ളത്.

10. വിവിധ ആവശ്യങ്ങൾക്കായി വൗച്ചർ മുഖാന്തിരം തുകകൾ ചെലവിടുകയും ഇത് ക്രമവിരുദ്ധമാണെന്നും പിടിക്കപ്പെടുമെന്നും ബോദ്ധ്യപ്പെട്ട് അതേ തുകകൾ വരവ് വച്ച് വീണ്ടും മേപ്പടി തുകകൾക്കുള്ള ക്യാഷ്ചെക്ക് എഴുതി ചെലവുകൾ ക്രമീകരിച്ചു.

11. നന്മ പായ്ലിംഗ് സെന്ററുകളിൽനിന്നും സ്റ്റോറുകളിലേയ്ക്ക് സാധനങ്ങൾ എത്തിക്കുന്നതിന് വേണ്ടി വാടകയ്ക്കെടുത്ത് ഓടിച്ചിരുന്ന 20 വാഹനങ്ങൾക്ക് 2013-14 വർഷം 64,54,993 രൂപയും 2014-15 വർഷം 68,16,997 രൂപയും നൽകിയിട്ടുണ്ട്. ഇവയുടെ നിരക്കുകൾ നിശ്ചയിച്ച് കരാർ വച്ചിട്ടുള്ളത് പരസ്യമായ ലേലത്തിന്റെ അടിസ്ഥാനത്തിലല്ലാത്തതിനാൽ കൺസ്യൂമർ ഫെഡറേഷന് വലിയ സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ട്. തുക സംബന്ധിച്ച വിവരങ്ങൾ കണക്കാക്കി വരുന്നു.

കൺസ്യൂമർ ഫെഡിന്റെ നിലനിൽപ്പ്

91(2079) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി.സത്യൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കൺസ്യൂമർ ഫെഡിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാവുംവിധം തകർച്ചയെ അഭിമുഖീകരിക്കുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുവിപണികളിൽ വിലക്കയറ്റം തടയുന്നതിന് ഏറെ പ്രയോജനകരമായ രീതിയിൽ പ്രവർത്തിച്ചിരുന്ന കൺസ്യൂമർഫെഡ് ഇത്തരത്തിൽ തകർച്ചയിൽ എത്താനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(സി) പൊതുവിപണിയിൽ ഇടപെടേണ്ടുന്ന സഹകരണ സ്ഥാപനങ്ങൾ തകർക്കപ്പെട്ടാൽ സാധാരണക്കാർക്ക് ഏതെല്ലാം രീതിയിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ കൺസ്യൂമർഫെഡ് സാമ്പത്തിക പ്രതിസന്ധിനേരിടുന്ന സാഹചര്യത്തിൽ വിൽപ്പനയ്ക്കാവശ്യമായ സാധനങ്ങൾ യൂണിറ്റുകളിൽ ആവശ്യമായ അളവിൽ എത്തിക്കുന്നതിന് തടസ്സമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സർക്കാർ ഗ്യാരന്റിയോടെ വായ്പകൾ ലഭ്യമാക്കി ഫെഡറേഷൻ തലത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ചുവരുന്നു.

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

92(2080) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യ സാധനങ്ങളുടെ വില വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിത്യോപയോഗ സാധനങ്ങൾ പലതും കൺസ്യൂമർ ഫെഡ്വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കാമോ ;

(സി) കൺസ്യൂമർ ഫെഡ് വഴി അവശ്യസാധനങ്ങൾ വിതരണം ചെയ്യുവകയിൽ സബ്സിഡിയായി കൺസ്യൂമർ ഫെഡിന് സർക്കാരിൽനിന്നും പണം ലഭിക്കാനുണ്ടോ ; ഉണ്ടെങ്കിൽ ഏതുവർഷം മുതൽ എത്ര തുക വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) ഈ തുക കൊടുത്തുതീർക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly